**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ സോളാർ പാനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് ആയി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>1. താലൂക്ക് ഹോസ്പിറ്റൽ ചാവക്കാട് -15 കിലോവാട്ട്<br><br>2 .എങ്ങാടിയൂർ എഫ്. എച്ച്. സി. - 6 കിലോവാട്ട്<br><br>3 .വടക്കേകാട് പഞ്ചായത്ത് – 3 കിലോവാട്ട്<br><br>4 .G.M.L.P. സ്കൂൾ ചെമ്മണ്ണൂർ - 3 കിലോവാട്ട്<br><br>5. ഒരുമനയൂർ പഞ്ചായത്ത് - 10 കിലോവാട്ട് |
| (ബി) | സംസ്ഥാനത്ത് ഏതൊക്കെ മണ്ഡലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (ബി) | ഉപഭോക്താക്കളുടെ അപേക്ഷ ലഭിക്കുന്നത നുസരിച്ച് 'സൗര' പദ്ധതി കെ.എസ്.ഇ. ബി.എൽ. മുഖേന കേരളത്തിലെ എല്ലാ നിയോജക മണ്ഡലത്തിലും നടന്നു വരുന്നു. ഈ പദ്ധതിയുടെ കാലാവധി 23.03.2024 വരെയാണ്.<br><br>സംസ്ഥാനത്ത് PM-KUSUM പദ്ധതി പ്രകാരം പുതുക്കാട്, ഷൊർണ്ണൂർ, മലമ്പുഴ, നെന്മാറ, ഏലത്തൂർ, മാനന്തവാടി, ഉദുമ, മഞ്ചേശ്വരം മണ്ഡലങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കെ.എസ്.ഇ.ബി.എൽ. വർക്ക് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.<br><br>• ധർമ്മടം നിയമസഭാ മണ്ഡലത്തിലെ പെർളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വ്യവസായകേന്ദ്രത്തിൽ 150 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം നടന്നുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | • കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ആകെ 455 kW കപ്പാസിറ്റി പ്ലാന്റുകൾ സ്ഥാപിക്കാനുള്ളതിൽ 327kW പ്ലാന്റുകൾ 39 ഇടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളത് സ്ഥാപിക്കുന്നതിലേയ്ക്ക് അനുയോജ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക സർവ്വേ നടത്തുകയും ചെയ്തു.<br>• പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെൻറ് അധീനതയിലുള്ള ഗവൺമെന്റ് ഗോട്ട് ഫാമിൽ 450 kWp സ്ഥാപിത ശേഷിയുള്ള ഭൗമോപരിതല സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>• തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ്റിൽ 50kWp സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>• തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മണ്ഡലത്തിൽ ആറ്റിങ്ങൽ ഹൈസ്കൂളിൽ 56kWp സ്ഥാപിത ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ